**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1046** **24-02-2022 - ൽ മറുപടിയ്ക്ക്**

**പുതുവൈപ്പിനിൽ അക്വാപാർക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | വൈപ്പിൻ മണ്ഡലത്തിലെ പുതുവൈപ്പിനിൽ അക്വാപാർക്ക് ആരംഭിക്കുന്നത് സംബന്ധിച്ച് 03.09.2021-ന് മത്സ്യബന്ധനവും തുറമുഖവും വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ചേർന്ന യോഗത്തിലെ തീരുമാനങ്ങൾ നടപ്പിലാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (എ) | വൈപ്പിൻ മണ്ഡലത്തിലെ പുതുവൈപ്പിനിൽ അക്വാപാർക്ക് ആരംഭിക്കുന്നത് സംബന്ധിച്ച് 03.09.2021-ന് സർക്കാർ തലത്തിൽ ചേർന്ന യോഗം പ്രകാരം അക്വാപാർക്ക് സ്ഥാപിക്കാനുദ്ദേശിക്കുന്ന പ്രദേശത്തെ കണ്ടൽക്കാടുകൾ നിലനിർത്തിക്കൊണ്ടും കേന്ദ്രസർക്കാരിന്റെ പ്രധാനമന്ത്രി മൽസ്യ സമ്പദാ യോജന പദ്ധതിയിൽ പരിഗണിക്കപ്പെടാൻ കഴിയുന്ന തരത്തിലും കൺസെപ്റ്റ് നോട്ട് തയ്യാറാക്കാൻ തീരുമാനിക്കുകയും അതിനാവശ്യമായ Expression of Interest ക്ഷണിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. തീരദേശ വികസന കോർപ്പറേഷൻ ഇതിനാവശ്യമായ ഡോക്യുമെന്റ് തയ്യാറാക്കി വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി കൺസെപ്റ്റ് നോട്ട് തയ്യാറാക്കുവാൻ എംപാനൽഡ് ഏജൻസിയെ കണ്ടെത്തുന്നതിന് കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ നോട്ടീസ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (ബി) | വൈപ്പിൻ മണ്ഡലത്തിലെ പുതുവൈപ്പിനിൽ അക്വാപാർക്ക് ആരംഭിക്കുന്നത് സംബന്ധിച്ച് 03.09.2021-ന് സർക്കാർ തലത്തിൽ ചേർന്ന യോഗം പ്രകാരം അക്വാപാർക്ക് സ്ഥാപിക്കാനുദ്ദേശിക്കുന്ന പ്രദേശത്തെ കണ്ടൽക്കാടുകൾ നിലനിർത്തിക്കൊണ്ടും കേന്ദ്രസർക്കാരിന്റെ പ്രധാനമന്ത്രി മൽസ്യ സമ്പദാ യോജന പദ്ധതിയിൽ പരിഗണിക്കപ്പെടാൻ കഴിയുന്ന തരത്തിലും കൺസെപ്റ്റ് നോട്ട് തയ്യാറാക്കാൻ തീരുമാനിക്കുകയും അതിനാവശ്യമായ Expression of Interest ക്ഷണിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. തീരദേശ വികസന കോർപ്പറേഷൻ ഇതിനാവശ്യമായ ഡോക്യുമെന്റ് തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ